**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **30-09-2025 - ൽ മറുപടിയ്ക്ക്**

**വിരമിച്ച അംഗനവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിരമിച്ച അംഗനവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങിയിട്ട് എത്രമാസമായെന്നും എത്ര തുക കുടിശികയുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | **(എ) & (ബി) കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,15,00,000/- രൂപ (രണ്ട് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) വരുമാനം ലഭിക്കുമ്പോൾ പെൻഷൻ നൽകുന്നതിനു മാത്രമായി പ്രതിമാസം 4,25,67,000/- രൂപ (നാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം) ശരാശരി ചെലവാകുന്നുണ്ട്. അതിനാൽ നിലവിൽ പ്രതിമാസം 2,10,67,000/- രൂപ (രണ്ട് കോടി പത്ത് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം)- അതായത്, ഒരു വർഷം 25.28 കോടി, അധികമായി കണ്ടെത്തേണ്ടതുണ്ട്. 2025-2026 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 9,00,00,000/-രൂപയും (ഒൻപത് കോടി രൂപാ മാത്രം) അധിക ധനസഹായമായി 12.32 കോടി രൂപയും ബോർഡിന് അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ച്, 2023-ൽ വിരമിച്ച പ്രവർത്തകർക്ക് 18/09/2025-ൽ ആനുകൂല്യങ്ങൾ പൂർണ്ണമായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 40,81,35,000/- രൂപ (നാൽപ്പത് കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം), ക്ഷേമനിധി ആനുകൂല്യത്തിന്റെ കുടിശ്ശികയായി നൽകുവാനുണ്ട്. സർക്കാർ വിഹിതം/സഹായം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച നൽകിവരുന്നുണ്ട്.** |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ഉടൻ കൊടുത്തു തീർക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | **(എ) & (ബി) കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,15,00,000/- രൂപ (രണ്ട് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) വരുമാനം ലഭിക്കുമ്പോൾ പെൻഷൻ നൽകുന്നതിനു മാത്രമായി പ്രതിമാസം 4,25,67,000/- രൂപ (നാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരം** |

| | | | |
|---|---|---|---|
| | | | **രൂപ മാത്രം) ശരാശരി ചെലവാകുന്നുണ്ട്. അതിനാൽ നിലവിൽ പ്രതിമാസം 2,10,67,000/- രൂപ (രണ്ട് കോടി പത്ത് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം)- അതായത്, ഒരു വർഷം 25.28 കോടി, അധികമായി കണ്ടെത്തേണ്ടതുണ്ട്. 2025-2026 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 9,00,00,000/-രൂപയും (ഒൻപത് കോടി രൂപാ മാത്രം) അധിക ധനസഹായമായി 12.32 കോടി രൂപയും ബോർഡിന് അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ച്, 2023-ൽ വിരമിച്ച പ്രവർത്തകർക്ക് 18/09/2025-ൽ ആനുകൂല്യങ്ങൾ പൂർണ്ണമായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 40,81,35,000/- രൂപ (നാൽപ്പത് കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം), ക്ഷേമനിധി ആനുകൂല്യത്തിന്റെ കുടിശ്ശികയായി നൽകുവാനുണ്ട്. സർക്കാർ വിഹിതം/സഹായം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു നൽകിവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ